/78056/2023

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/6177/2022-ICDSA6

വനിത ശിശുവികസന
ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 27-01-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- സൈക്കോസോഷ്യൽ സർവിസ് പദ്ധതി - സ്കൂൾ കൌൺസിലർമാരുടെ അനധികൃത ലീവ് - സംബന്ധിച്ച്:-

സൂചന:- 1. വിവിധ ജില്ലാ ഓഫീസർമാർ സമർപ്പിച്ച വിവിധ തീയതികളിലെ അവധി സ്പഷ്ടീകരണം സംബന്ധിച്ച അപേക്ഷകൾ

കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഏതൊരാൾക്കും KSR പ്രകാരം അർഹതയുള്ള ലീവുകൾ ഏതെല്ലാമാണെന്ന് വ്യക്തമായ വ്യവസ്ഥ ഉള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ നിന്നും ഇത് സംബന്ധിച്ച് സ്പഷ്ടമായ നിർദേശങ്ങൾ / സർക്കുലർ പുറപ്പെടുവിച്ച് എല്ലാ ജില്ലാ ഓഫീസർമാർക്കും നല്കിയിട്ടുള്ളതുമാണ്. എന്നാൽ അർഹതയില്ലാത്ത ലീവുകൾക്കുവേണ്ടി നിരവധി സ്പഷ്ടീകരണ അപേക്ഷകൾ ജില്ലാ ഓഫീസുകളിൽ/ICDS പ്രൊജക്റ്റുകളിൽ നിന്നും ഡയറക്ടറേറ്റിലേക്ക് നൽകി വരുന്നുണ്ട്. ഒരു വർഷ കരാറിൽ സേവനം അനുഷ്ഠിക്കുന്ന സ്കൂൾ കൌൺസിലർമാരുടെ വിവിധ അവധികൾ സംബന്ധിച്ച് സർക്കാർ നൽകിയിട്ടുള്ള നിർദേശ പ്രകാരം **"KSR പ്രകാരം അനുവദിച്ച ലീവുകൾക്ക് മാത്രമാണ് കരാർ ജീവനക്കാർക്ക് അർഹതയുള്ളത്** എന്നതാണ്".

ഒരു വർഷമോ അതിൽ കുറവോ കരാർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്നവർക്ക് ശൂന്യവേതനാവധിക്ക് അർഹതയില്ലാത്തതിനാൽ ഇത്തരത്തിൽ അനർഹമായ ലീവുകൾക്ക് അപേക്ഷ നൽകി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നവരുടെ കരാർ സ്വമേധയാ റദ്ദാകുന്നതാണ്. അപ്രകാരം റദ്ദായ കരാറിൽ അവരെ വീണ്ടും ജോലിയിൽ പ്രവേശിപ്പിക്കുന്നത് നിയമപരമല്ല.

സൈക്കോസോഷ്യൽ പദ്ധതിയുടെ ഭാഗമായി കരാർ അടിസ്ഥാനത്തിൽ സ്കൂൾ കൌൺസിലർമാരെ തെരഞ്ഞെടുക്കുന്നത് ജില്ലാടിസ്ഥാനത്തിൽ പൊതുവായി വിജ്ഞാപനം പുറപ്പെടുവിച്ചാണ്. അത്തരത്തിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിലൂടെ തിരെഞ്ഞെടുക്കുന്ന ഉദ്യോഗാർത്ഥികളുടെ ഒരു റാങ്ക് ലിസ്റ്റ് എല്ലാ ജില്ലകളിലും നിലവിലുള്ളതുമാണ്. അതിനാൽ അർഹതയില്ലാത്ത ലീവ് അപേക്ഷ കിട്ടുന്ന മുറയ്ക്ക് ആയതു നിലവിൽ പ്രാബല്യത്തിൽ ഉള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നിരസിക്കുന്നതിനും, അത്തരം ഒഴിവുകളിൽ അതതു ജില്ലകളിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും അടുത്ത ആളെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും നിർദേശിക്കുന്നു.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ

പകർപ്പ്
എല്ലാ ജില്ലാപ്രോഗ്രാം ഓഫീസർമാർക്കും

/78056/2023

എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും.

Signed by Priyanka G
Date: 27-01-2023 15:04:42